പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3479 — 18/02/2013-ൽ മറുപടിക്ക്

# മാലിന്യ സംസ്കരണത്തിന് സഹായിക്കുന്ന കുടുംബശ്രീ അംഗങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൽ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. എം. എ. വാഹിദ് | ഡോ. എം. കെ. മുനീർ<br>ബഹു: പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |

(എ) മാലിന്യം ശേഖരിച്ച് സംസ്കരണ പ്ലാന്റുകളിൽ എത്തിക്കുന്ന കുടുംബശ്രീ പ്രവർത്തകരായ വനിതകൾക്ക് മറ്റ് ജോലികൾ ചെയ്യുന്നതിനുള്ള പദ്ധതി തയ്യാറാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(എ) ഉണ്ട്. സ്വയംതൊഴിൽ സംരംഭം, സേവന തൊഴിൽ രംഗങ്ങളിൽ താത്പ്പര്യമുള്ളവർക്ക് ആയത് തുടങ്ങുന്നതിനുള്ള വൈദഗ്ദ്ധ്യപരിശീലനം, സബ്സിഡി, വായ്പ എന്നിവ ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായി നഗരസഭകളിൽ ഈ തൊഴിലിൽ ഏർപ്പെട്ട് തൊഴിൽ നഷ്ടപ്പെട്ടവരുടെ വിവരം ശേഖരിച്ച് കർമ്മപരിപാടിക്ക് രൂപം നൽകി വരുന്നു.

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും, സവിശേഷതകളും എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും താഴെപ്പറയുന്നു:-

1. മാലിന്യ ശേഖരണത്തിൽ ഏർപ്പെട്ടിരുന്നവരും ജോലി നഷ്ടപ്പെട്ടവരുമായ എല്ലാ കുടുംബശ്രീ വനിതാപ്രവർത്തകരേയും പുനരധിവസിപ്പിക്കുക.
2. അവർക്കുള്ള ബദൽ ജീവനോപാധി മാർഗ്ഗങ്ങൾ കണ്ടെത്തുക.
3. അവരുടെ താത്പര്യത്തിനും, അഭിരുചിയ്ക്കും മുൻഗണന കൊടുത്തു കൊണ്ടുള്ള പ്രോജക്ടുകൾ ആവിഷ്ക്കരിക്കുക.

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ?

(സി) ഇതിലേയ്ക്കാരംഭിച്ച പ്രാരംഭനടപടികൾ ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം നഗരസഭയിലെ തൊഴിൽ നഷ്ടപ്പെട്ട ക്ലീൻവെൽ പ്രവർത്തകരുടെ അവസ്ഥാപഠനം നടത്തുകയുണ്ടായി.

2. തൊഴിൽ നഷ്ടപ്പെട്ട ക്ലീൻവെൽ പ്രവർത്തകരുടെ അഭിരുചിയ്ക്കും, താത്പര്യത്തിനും അനുസരിച്ച് തൊഴിൽ സാധ്യതകൾ കണ്ടെത്തിവരുന്നു.

3. തിരുവനന്തപുരം നഗരസഭയിലെ തൊഴിൽ നഷ്ടപ്പെട്ട 390 ക്ലീൻവെൽ (കുടുംബശ്രീ മാലിന്യശേഖരണ പ്രവർത്തകർ) അംഗങ്ങളുടെ നേതൃത്വത്തിൽ പൈപ്പ് കംപോസ്റ്റ് സ്ഥാപിക്കുന്ന പരിപാടി തൊഴിലാക്കി മാറ്റുന്നതിന് സഹായം നൽകി.

4. ന ഗരസഭകളിലെ തൊഴിൽ നഷ്ടപ്പെട്ട ക്ലീൻവെൽ പ്രവർത്തകർക്ക് പ്രത്യേക ഉപജീവന പദ്ധതി തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ